# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.42/PR/PIC/PHQ/18 Date : 26.02.2018

---

## വിദ്യാലയങ്ങളെ ലഹരിവിമുക്തമാക്കുവാനുള്ള പോലീസ് പദ്ധതി മുഖ്യമന്ത്രി (27/02/2018) ഇന്ന് ഉദ്ഘാടനം ചെയ്യും.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലഹരി മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന കേരള പോലീസ് സംയോജിത ലഹരി വിരുദ്ധ പദ്ധതിയായ ' ആസ്പിറേഷൻസ് 2018' - ന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ വൈകിട്ട് നാലുമണിക്ക് തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും.

കൗമാരക്കാരും കുട്ടികളും ലഹരിയുടെ ഇരകളാകുന്ന സംഭവങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ലഹരിക്കെതിരെ നടപടി ശക്തമാക്കുന്നതിന്റെ ഭാഗമായാണ് ഈ പദ്ധതി നടപ്പാക്കുന്നത്. നിയമനടപടികൾ ശക്തിപ്പെടുത്തൽ, ലഹരിക്കെതിരെ ബോധവത്കരണ പ്രവർത്തനങ്ങൾ, ലഹരിക്കടിപ്പെട്ടവരെ ചികിത്സയിലൂടെ ലഹരിവിമുക്തരാക്കൽ, ലഹരിവിമുക്തി നേടിയവരുടെ പുനരധിവാസം എന്നിങ്ങനെ നാലു ഘടകങ്ങൾ ചേർന്നതാണ് പുതിയ പദ്ധതി. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി നിയമനടപടികൾ ശക്തമാക്കി വരുന്നു. കൂടാതെ ഇതിനകംതന്നെ 76 പേരെ ലഹരിയുടെ പിടിയിൽ നിന്ന് വിമുക്തമാക്കാനും പ്രാരംഭ ഘട്ടത്തിൽ കഴിഞ്ഞു.

വി എസ് ശിവകുമാർ എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സംസ്ഥാനപോലീസ് മേധാവി ലോക്നാഥ് ബെഹ്റ, സിനിമാതാരങ്ങളായ ജയസൂര്യ. പ്രിയ പി വാര്യർ, ക്രിക്കറ്റ് താരം സഞ്ജു വി സാംസൺ, ഉത്തരമേഖലാ എ ഡി ജി പി അനിൽകാന്ത്, തിരുവനന്തപുരം റേഞ്ച് ഐ ജി മനോജ് എബ്രഹാം, അഡ്മിനിസ്ട്രേഷൻ ഐ ജി പി വിജയൻ, സിറ്റി പോലീസ് കമ്മീഷണർ പി പ്രകാശ് എന്നിവർ പങ്കെടുക്കും. ആർ രാജമൂർത്തി അവതരിപ്പിക്കുന്ന മാജിക് ഷോയും 'ദ്രുത ' വനിതാ മ്യൂസിക് ബാൻഡിന്റെ സംഗീതപരിപാടിയും ഇതോടൊപ്പം അരങ്ങേറും.

*******